06.07.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 18–01–06

# സങ്കൽപം, സമയം, വാക്ക് ഇവയുടെ ശേഖരണത്തിന്റെ പദ്ധതിയിലൂടെ സഫലതയുടെ സെറിമണി ആഘോഷിക്കൂ,നിരാശരായ ആത്മാക്കളിൽ ആശയുടെ ദീപം തെളിയിക്കൂ.

ഇന്ന് സ്നേഹത്തിന്റെ ദിവസമാണ്. നാനാഭാഗത്തുമുള്ള കുട്ടികൾ എല്ലാവരും സ്നേഹ സാഗരത്തിൽ ലയിച്ചിരിക്കുകയാണ്. ഈ സ്നേഹം സഹജയോഗി ആകുന്നതാണ്. മറ്റ് എല്ലാ ആകർഷണത്തിൽ നിന്നും ഉപരിയാക്കുന്നതാണ് സ്നേഹം. സ്നേഹത്തിന്റെ വരദാനം കുട്ടികളായ നിങ്ങൾ എല്ലാവർക്കും ജന്മനാ ഉള്ള വരദാനമാണ്. സ്നേഹത്തിൽ പരിവർത്തനപ്പെടുത്താനുള്ള ശക്തി ഉണ്ട്. ഇന്നത്തെ ദിവസം നാനാഭാഗത്തും രണ്ടു പ്രകാരത്തിലുള്ള കുട്ടികളെ കണ്ടു. എല്ലാവരും സ്നേഹമുള്ള കുട്ടികളാണ്, എന്നാൽ സ്നേഹമുള്ള കുട്ടികൾ ഒരുകൂട്ടർ, രണ്ടാമത്തേതാണ് സ്നേഹത്തിൽ ലയിച്ചിരിക്കുന്ന കുട്ടികൾ. സ്നേഹത്തിൽ ലയിച്ചിരിക്കുന്ന കുട്ടികൾ ഓരോ സങ്കല്പത്തിലും, ശ്വാസത്തിലും,വാക്കിലും, ഓരോ കർമ്മത്തിലും, സ്വതവേ തന്നെ സഹജമായി ബാപ്സമാനരായിരിക്കുന്നു, കാരണമെന്ത്? കുട്ടികൾക്ക് ബാബ സമർത്ഥ ഭവയുടെ വരദാനമാണ് തന്നിരിക്കുന്നത്. ഇന്നത്തെ ദിവസം സ്മൃതിയുടെയും സമർത്ഥിയുടെയും ദിവസം എന്നാണ് പറയുന്നത്,കാരണമെന്ത്? ഇന്നത്തെ ദിവസം ബാബ സ്വയം നട്ടെല്ലായി മാറി, സ്നേഹത്തിൽ ലയിച്ചിരിക്കുന്ന കുട്ടികളെ വിശ്വത്തിന്റെ സ്റ്റേജിൽ പ്രത്യക്ഷപ്പെടുത്തി. വ്യക്തത്തിൽ കുട്ടികളെ പ്രത്യക്ഷരാക്കുകയും സ്വയം അവ്യക്തരൂപത്തിൽ കൂട്ടുകാരനായി. ഇന്നത്തെ ഈ സ്മൃതിയും സമർത്ഥിയുടെയും ദിവസത്തിൽ ബാപ്ദാദ കുട്ടികളെ ബാലകനും ഒപ്പം അധികാരിയുമാക്കി, മാസ്റ്റർ സർവ്വശക്തിവാനായി സർവ്വശക്തിവാൻ ബാബയെ പ്രത്യക്ഷമാക്കാനുള്ള കാര്യം നൽകിയിട്ടുണ്ട് യഥാ ശക്തി എല്ലാ കുട്ടികളും ബാബയെ പ്രത്യക്ഷമാക്കുന്നതിന്റെയും വിശ്വ മംഗളം ചെയ്ത് വിശ്വ പരിവർത്തനം ചെയ്യുന്ന കാര്യത്തിൽ മുഴുകിയിരിക്കുന്നത് കണ്ടു ബാബ സന്തോഷിക്കുന്നു. ബാബയിൽ നിന്ന് പ്രാപ്തമായിട്ടുള്ള സർവ്വ ശക്തികളുടെയും സമ്പത്ത് സ്വയത്തിനു വേണ്ടിയും വിശ്വത്തിലെ ആത്മാക്കൾക്ക് വേണ്ടിയും കാര്യങ്ങളിൽ ഉപയോഗിക്കുന്നു. അങ്ങനെയുള്ള മാസ്റ്റർ സർവ്വ ശക്തിവാൻ ബാബയ്ക്ക് സമം ഉന്മേഷവും ഉത്സാഹത്തോടെയുമിരിക്കുന്ന ആൾ റൗണ്ട് സേവധാരികൾ,നിസ്വാർത്ഥസേവധാരികൾ, പരിധിയില്ലാത്ത സേവധാരികളായ കുട്ടികൾക്ക് ബാപ്ദാദയും കോടിമടങ്ങായി ഹൃദയത്തിൽ നിന്നുള്ള ആശംസകൾ നൽകുന്നു. ആശംസകൾ, ആശംസകൾ. ദേശത്തിലെ കുട്ടികൾ നിസ്സാരമല്ല, വിദേശി കുട്ടികളും നിസ്സാരമല്ല. ബാപ്ദാദ ഹൃദയത്തിന്റെ ഉള്ളിൽ അങ്ങനെയുള്ള കുട്ടികളുടെ മഹിമ ചെയ്യും, പാട്ടും പാടുന്നു,ആഹാ കുട്ടികളെ! കൊള്ളാം! നിങ്ങൾ എല്ലാവരും കൊള്ളാം!അങ്ങനെയുള്ള കുട്ടികൾ അല്ലെ! കൈ വീശുന്നുണ്ട്, വളരെ നല്ലത്.ബാപ്ദാദയ്ക്ക് കുട്ടികളുടെ മേൽ അഭിമാനം ഉണ്ട്, തന്റെ എല്ലാ കുട്ടികളും സ്വരാജ്യ അധികാരി രാജാവാണ്,മുഴുവൻ കല്പത്തിലും ഒരു പിതാവിനും അങ്ങനെ ഇല്ല. നിങ്ങൾ എല്ലാവരും സ്വരാജ്യ അധികാരി രാജാവ് അല്ലെ! പ്രജയൊന്നും അല്ലല്ലോ! ആത്മീയ സംഭാഷണത്തിൽ കുട്ടികൾ പലരും ചോദിക്കും ഭാവിയിൽ ഞങ്ങൾ ആരാകും, ആ ചിത്രം ഞങ്ങളെ കാണിക്കാമോ. ബാപ്ദാദ എന്താണ് പറയുന്നത്?പഴയ കുട്ടികൾ പറയും ജഗദംബ ഓരോരുത്തർക്കും ചിത്രം കൊടുക്കുമായിരുന്നു, അതിനാൽ ഞങ്ങളുടെയും ചിത്രം തരൂ. ബാപ്ദാദ പറയുന്നു ഓരോ കുട്ടിയ്ക്കും ബാബ വിചിത്ര ദർപ്പണം നൽകിയിട്ടുണ്ട്, ഞാൻ ആരാണ്! എന്ന തന്റെ ഭവിഷ്യ ചിത്രം ആ ദർപ്പണത്തിൽ കാണാൻ സാധിക്കും. അറിയുമോ, ആ ദർപ്പണം നിങ്ങളുടെ കയ്യിൽ ഉണ്ടോ? ഏതാണ് ദർപ്പണം അറിയാമോ? മുൻ വരിയിലിരിക്കുന്നവർക്ക് അറിയാമല്ലോ! അറിയാമോ? ആ ദർപ്പണമാണ് വർത്തമാന സമയത്തിലെ സ്വരാജ്യ സ്ഥിതിയുടെ ദർപ്പണം . എത്രത്തോളം വർത്തമാന സമയത്ത് സ്വരാജ്യ അധികാരിയാകുന്നുവോ അതിനനുസരിച്ച് വിശ്വ രാജ്യ അധികാരിയാകും. ഇപ്പോൾ സ്വയം തന്നെ കണ്ണാടിയിൽ നോക്കൂ സദാ സ്വരാജ്യ അധികാരി ആയോ? അതോ ഇടയ്ക്ക് അധീനം, ഇടയ്ക്ക് അധികാരി ആണോ? ഇടയ്ക്ക് അധീനവും ഇടയ്ക്ക് അധികാരിയും ആണ് ആകുന്നതെങ്കിൽ, ചിലപ്പോൾ കണ്ണ് ചതിക്കും, ചിലപ്പോൾ മനസ്സ് ചതിക്കും, ചിലപ്പോൾ വായ് ചതിക്കും, ചിലപ്പോൾ കാത് ചതിക്കും. വ്യർത്ഥമായ കാര്യങ്ങൾ കേൾക്കുന്നതിന് താല്പര്യം ഉണ്ടാകും. ഏതെങ്കിലും കർമ്മേന്ദ്രിയങ്ങൾ ചതിച്ചാൽ, പരവശത്താക്കിയാൽ, ബാബയിൽ നിന്ന് കിട്ടിയ സർവ്വ ശക്തികളുടെ വരദാനങ്ങൾ, സമ്പത്തായി ലഭിച്ചിട്ടുള്ള നിയന്ത്രണ ശക്തി, ഭരണ ശക്തി ഇതൊന്നും ഇല്ല എന്ന് വ്യക്തമാകും. ചിന്തിച്ച് നോക്കൂ, സ്വയം തന്നെ ഭരിക്കാൻ കഴിയില്ലെങ്കിൽ എങ്ങനെ വിശ്വം ഭരിക്കും! തന്റെ വർത്തമാന സ്ഥിതിയിലെ സ്വരാജ്യ അധികാരിയുടെ ദർപ്പണത്തിൽ പരിശോധിക്കൂ. സർവ്വർക്കും ദർപ്പണം കിട്ടിയിട്ടുണ്ടല്ലോ? ദർപ്പണം കിട്ടി എങ്കിൽ കൈ ഉയർത്തൂ. ദർപ്പണത്തിൽ കറകൾ ഒന്നും വന്നില്ലല്ലോ? ദർപ്പണം സ്പഷ്ടമാണോ?

ബാപ്ദാദ ഓരോ കുട്ടിയ്ക്കും സ്വരാജ്യ അധികാരിയുടെ സ്വമാനമാണ് നൽകിയത്. എല്ലാ കുട്ടികൾക്കും ബാബയിലൂടെ മാസ്റ്റർ സർവ്വ ശക്തിവാന്റെ ടൈറ്റിൽ കിട്ടിയിട്ടുണ്ട്. മാസ്റ്റർ ശക്തിവാൻ അല്ല, സർവ്വ ശ

ക്തിവാൻ. പല കുട്ടികളും ആത്മീയ സംഭാഷണത്തിൽ ഇതും പറയുന്നു ബാബ അങ്ങ് സർവ്വ ശക്തികളും നൽകി പക്ഷെ ഈ ശക്തികൾ പലപ്പോഴും സമയത്ത് പ്രവർത്തിക്കുന്നില്ല. റിപ്പോർട്ട് ചെയ്യുന്നു സമയമാകുമ്പോൾ ഇമെർജ് ആകുന്നില്ല, സമയം കഴിഞ്ഞിട്ട് ഇമെർജ് ആകുന്നു. കാരണമെന്താണ്? ഏത് സമയത്ത് ഏത് ശക്തിയാണോ ആഹ്വാനം ചെയ്യുന്നത് അപ്പോൾ പരിശോധിക്കണം ഞാൻ അധികാരിയുടെ സീറ്റിൽ സെറ്റ് ആണോ? ആരെങ്കിലും സീറ്റിൽ ഇരുന്നില്ലെങ്കിൽ സീറ്റിൽ ഇരിക്കാത്തവരുടെ ഓർഡർ അനുസരിക്കില്ല. സ്വരാജ്യ അധികാരിയാണ്, മാസ്റ്റർ സർവ്വ ശക്തിവാൻ ആണ്,ബാബയുടെ സമ്പത്തിനും വരദാനങ്ങൾക്കും അധികാരിയാണ്, ഈ സീറ്റിൽ സെറ്റ് ആയിരുന്ന ശേഷം ഓർഡർ നൽകൂ. എന്ത് ചെയ്യണം, എങ്ങനെ ചെയ്യും, സാധിക്കുന്നില്ല, സീറ്റിൽ നിന്ന് താഴെയിരുന്ന്, സീറ്റിൽ നിന്ന് ഇറങ്ങിയാൽ എങ്ങനെ അനുസരിക്കും? സീറ്റിൽ സെറ്റ് ആണോ എന്ന് പരിശോധിക്കൂ? അധികാരിയായി ഓർഡർ ചെയ്യുന്നുണ്ടോ? ബാബ എല്ലാ കുട്ടികൾക്കും അധികാരം നൽകിയിട്ടുണ്ട്.പരമാത്മ അധികാരമാണ്, ഏതെങ്കിലും ആത്മാവിന്റെ അധികാരം അല്ല കിട്ടിയത്, മഹാത്മാവിന്റെ അധികാരം അല്ല കിട്ടിയത്, പരമാത്മ അധികാരമാണ്, അതോറിറ്റിയും അധികാരവും ഈ സ്ഥിതിയിൽ സ്ഥിതി ചെയ്ത് ഏത് ശക്തിയ്ക്ക് ഓർഡർ നൽകിയാലും, അത് ജി ഹുസൂർ, ജി ഹുസൂർ എന്ന് പറയും. സർവ്വ ശക്തികൾക്ക് മുന്നിൽ ഈ മായാ, പ്രകൃതി, സംസ്ക്കാരം, സ്വഭാവം, എല്ലാം ദാസിയാകും. ഏതെങ്കിലും ഓർഡർ നൽകാൻ, ഉടമസ്ഥരായ നിങ്ങളെ കാത്ത് നിൽക്കും.

ഇന്ന് സമർത്ഥ ദിവസം ആണ്, കുട്ടികൾക്ക് ഏതെല്ലാം സമർത്ഥികൾ ആണ് ബാപ്ദാദ റിവൈസ് ചെയ്യിപ്പിക്കുന്നത്. അടിവര വരപ്പിക്കുന്നത്. സമയമാകുമ്പോൾ ശക്തിഹീനരായിപോകുന്നത് എന്ത്കൊണ്ട്? ബാപ്ദാദ നോക്കി, കൂടുതൽ കുട്ടികൾക്കും ചോർച്ചയാണ്, ചോർച്ച കാരണം ശക്തികൾ കുറയുന്നു, വിശേഷമായി രണ്ടു കാര്യങ്ങളുടെ ചോർച്ചയാണ് ആ രണ്ടു കാര്യങ്ങളാണ് **സങ്കല്പവും സമയവും പാഴായി പോകുന്നു**. മോശമാകുന്നില്ല പക്ഷെ വ്യർത്ഥമാണ്, സമയത്ത് മോശമായ കാര്യം ചെയ്യുന്നില്ല,പക്ഷെ ശേഖരണവും ഇല്ല. നോക്കുന്നുണ്ട് ഇന്ന് മോശമായി ഒന്നും സംഭവിച്ചില്ല, എന്നാൽ നല്ലതായി എന്താണ് ശേഖരിച്ചത്? നഷ്ടമാക്കിയില്ല, പക്ഷെ സമ്പാദിച്ചിട്ടുണ്ടോ? ദുഖം നൽകിയില്ലെങ്കിലും സുഖം എത്രപേർക്ക് നൽകി? ആരെയും അശാന്തമാക്കിയില്ല, ശാന്തിയുടെ തരംഗങ്ങൾ എത്രത്തോളം വ്യാപിപ്പിച്ചു? ശാന്തി ദൂതന്മാരായി വായുമണ്ഡലത്തിൽ കൂടി, മുഖത്തിലൂടെ, വൈബ്രേഷനിലൂടെ എത്രപേർക്ക് ശാന്തി നൽകി? ഈ കുറച്ച് സമയമാണ് പുരുഷോത്തമ കല്യാണകാരി, സമ്പാദിക്കുവാനുള്ള സമയമാണ് എന്ന് അറിയാമല്ലോ. ഇപ്പോൾ ഇല്ലെങ്കിൽ ഒരിക്കലും ഇല്ല, ഓരോ നിമിഷവും ഇത് ഓർമ്മിക്കണം. നടക്കും,ചെയ്യാം .....ഇപ്പോഴില്ലെങ്കിൽ ഒരിക്കലുമില്ല. ഇതായിരുന്നു ബ്രഹ്മാബാബയുടെ തീവ്ര പുരുഷാർത്ഥം ,അതിലൂടെ ലക്ഷ്യത്തിൽ ഒന്നാമതെത്തി. ബാബ ഏതെല്ലാം സമർത്ഥികൾ തന്നു, ഇന്ന് സ്മൃതി ദിവസം ഓർമ്മ വന്നില്ലേ! സമ്പാദ്യത്തിന്റെ പദ്ധതി തയ്യാറാകൂ.സങ്കല്പത്തിന്റെ സമ്പാദ്യം,സമയത്തിന്റെ സമ്പാദ്യം,വാക്കിന്റെ സമ്പാദ്യം,യഥാർത്ഥ വാക്കുകൾ അല്ലാത്ത, അയഥാർത്ഥ വ്യർത്ഥ വാക്കുകൾ പറയാതിരിക്കൂ.

എല്ലാ കുട്ടികളെയും സദാ അധികാരത്തിന്റെ സീറ്റിൽ സെറ്റ് ആയി സ്വരാജ്യ അധികാരി രാജാവാവിന്റെ രൂപത്തിൽ കാണാനാണ് ബാപ്ദാദ ആഗ്രഹിക്കുന്നത്. ഇഷ്ടമാണോ? ഈ രൂപം ഇഷ്ടമല്ലേ? ബാപ്ദാദ ഏതെങ്കിലും കുട്ടിയെ എപ്പോഴെങ്കിലും ടി.വി യിൽ കാണുമ്പോൾ ഈ രൂപത്തിൽ കാണണം. ബാപ്ദാദയ്ക്ക് സ്വാഭാവികമായ ടി.വി. ഉണ്ട് സ്വിച് ഇടേണ്ട ആവശ്യമില്ല. ഒരേ സമയത്ത് നാനാഭാഗത്തുള്ളതും കാണാൻ സാധിക്കും. ഓരോ കുട്ടിയേയും, ഏത് കോണിലിരിക്കുന്നവരെയും കാണാൻ സാധിക്കും. സാധിക്കുമോ? നാളെ മുതൽ ടി.വി തുറന്നാൽ എന്ത് കാണും?ഫരിശ്ത വേഷത്തിൽ, ഫരിശ്തയുടെ വേഷമാണ് തിളങ്ങുന്ന പ്രകാശത്തിന്റെ വസ്ത്രം,ഈ ശരീര ബോധത്തിന്റെ മണ്ണിന്റെ വസ്ത്രം ധരിക്കരുത്. തിളങ്ങുന്ന വസ്ത്രമാകണം, സഫലതയുടെ നക്ഷത്രം ആകണം, ബാപ്ദാദ ഓരോരുത്തരുടെയും അങ്ങനെയുള്ള മൂർത്തിയെ കാണാൻ ആണ് ആഗ്രഹിക്കുന്നത്. ഇഷ്ടമല്ലേ! മണ്ണിന്റെ വസ്ത്രം ധരിച്ചാൽ മണ്ണിലേത് ആയിമാറും! ബാബ ഏതുപോലെ അശരീരിയാണ്, ബ്രഹ്മാബാബയ്ക്ക് തിളങ്ങുന്ന വസ്ത്രമാണ്. അതിനാൽ ഫോളോ ഫാദർ ചെയ്യൂ. സ്തൂലത്തിലും നിങ്ങളുടെ വസ്ത്രത്തിൽ മണ്ണ് പറ്റിയാൽ, കറ പറ്റിയാൽ എന്താണ് ചെയ്യുന്നത്? വസ്ത്രം മാറില്ലേ! അതുപോലെ പരോശോധിക്കൂ സദാ തിളങ്ങുന്ന ഫരിശ്ത വസ്ത്രം ആണോ? ബാബയ്ക്കും ഓരോ കുട്ടിയും രാജാവാണ് എന്ന ലഹരിയാണുള്ളത്, അതുപോലെ സ്വരൂപത്തിൽ ഇരിക്കൂ. രാജാവായി ഇരിക്കൂ. പിന്നീട് മായ നിങ്ങളുടെ ദാസി ആയിമാറും, വിട ചോദിക്കാൻ വരും, അര കല്പത്തേയ്ക്ക് വിട വാങ്ങാൻ വരും, യുദ്ധം ചെയ്യില്ല. ബാപ്ദാദ സാദാ പറയാറുണ്ട് ബാബയിൽ ബലിയർപ്പണമാകുന്നവർക്ക് ഒരിക്കലും പരാജയം ഉണ്ടാകില്ല. പരാജയപ്പെടുന്നെങ്കിൽ ബലിയർപ്പണം ആയിട്ടില്ല.

ഇപ്പോൾ നിങ്ങൾ എല്ലാവരുടെയും മീറ്റിംഗ് നടക്കാൻ പോകുകയല്ലേ, മീറ്റിംഗിന്റെ തീയതി നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. ഈ പ്രാവശ്യം സേവനത്തിന്റെ മാത്രം പ്ലാനിന്റെ മീറ്റിംഗ് കാണാൻ ബാപ്ദാദയ്ക്ക് ആഗ്രഹമില്ല, സേവനത്തിനുള്ള പ്ലാൻ ഉണ്ടാക്കൂ ഒപ്പം **മീറ്റിംഗിൽ സഫലതയുടെ സെറിമണി യുടെ പ്ലാൻ കൂടി ത**

**യ്യാറാകൂ**. ധാരാളം സെറിമണികൾ ചെയ്തുകഴിഞ്ഞു, ഇപ്പോൾ സഫലതയുടെ സെറിമണി തീയതി നിശ്ച യിക്കൂ.എല്ലാവരും എങ്ങനെയുണ്ടെന്ന് ആലോചിച്ചു നോക്കൂ! ബാപ്ദാദ പറയുന്നു ഏറ്റവും കുറഞ്ഞത് 108 രത്നങ്ങൾ സഫലതമൂർത്തിയുടെ സെറിമണി ആഘോഷിക്കണം. ഉദാഹരണമാകണം.ഇത് സാധി ക്കുമോ? പറയൂ, മുൻ വരിയിലിരിക്കുന്നവർ പറയൂ, സാധിക്കുമോ? ഉത്തരം പറയാൻ ധൈര്യം കാണിക്കു ന്നില്ല. ചിന്തിക്കുന്നുണ്ട് ചെയ്യുമോ ഇല്ലയോ എന്ന് അറിയില്ല? ധൈര്യം ഉണ്ടെങ്കിൽ എല്ലാം സാധിക്കും. ദാ ദി പറയട്ടെ 108 സഫലത മൂർത്തികൾ ആകുമോ?( തീർച്ചയായും ആകും,സഫലതയുടെ സെറിമണി ന ടത്താൻ കഴിയും)നോക്കൂ ദാദിയ്ക്ക് ധൈര്യം ഉണ്ട്. താങ്കൾ എല്ലാവർക്കും വേണ്ടി ധൈര്യം വയ്ക്കുക യാണ്.അപ്പോൾ സഹയോഗി ആകണം. ഈ നടക്കുന്ന മീറ്റിംഗിന്റെ റിപ്പോർട്ട് ബാപ്ദാദ ചോദിക്കും. പാ ണ്ഡവർ പറയൂ, എന്താ മിണ്ടാത്തത്? എന്ത്കൊണ്ട് മിണ്ടുന്നില്ല? എന്ത് കൊണ്ട് ഈ ധൈര്യം വയ്ക്കുന്നി ല്ല? ചെയ്തു കാണിക്കുമോ? അങ്ങനെയാണോ? നല്ലതാണ്, ധൈര്യം വയ്ക്കാൻ കഴിയുന്നുണ്ടല്ലോ? ഞ ങ്ങൾ ധൈര്യത്തോടെ ചെയ്ത് കാണിക്കും എന്ന് കരുതുന്നവർ കൈ ഉയർത്തൂ. ചെയ്യുമോ? ഒരു സം സ്ക്കാരവും അവശേഷിക്കില്ല? ഒരു ദുർബലതയും ബാക്കിയില്ല? ശരി, മധുബനിൽ ഉള്ളവരും കൈ ഉയ ർത്തുന്നുണ്ടല്ലോ. ആഹാ! ആശംസകൾ, ആശംസകൾ. 108 സഹജമായി തയ്യാറാകും. ഇത്ര പേര് കൈ ഉയർത്തി എങ്കിൽ 108 വലിയ കാര്യമല്ല. ഡബിൾ വിദേശികൾ എന്ത് ചെയ്യും?ദാദി ജാനകി കേൾക്കുന്നു ണ്ട്, ഞാൻ പറയാം എന്ന ഉത്സാഹം അവർക്ക് ഉണ്ട്. വിദേശത്തെ മാലയും നോക്കും, ശരിയല്ലേ? കൈ ഉയർത്തൂ.ശരിയല്ലേ? ശരി, ഇന്ന് ഇവർ (ഡബിൾ വിദേശി) എത്രപേർ ഇരിക്കുന്നുണ്ട്?(200) ഇതിൽ നിന്ന് 108 പേര് തൈയ്യാറായിക്കൊള്ളും! ശരി അല്ലെ! ഇതിൽ ആദ്യം ഞാൻ എന്നതാവണം. മറ്റുള്ളവരെ നോക്ക രുത്, ആദ്യം ഞാൻ. മറ്റുള്ള ഞാൻ ഞാൻ എന്നത് പാടില്ല, ഇതിൽ ഞാൻ തീർച്ചയായും ചെയ്യണം.വേ റെയും കാര്യങ്ങൾ ബാപ്ദാദ തരുന്നുണ്ട്.

ഇന്ന് സമർത്ഥ ദിവസം അല്ലെ അപ്പോൾ ശക്തി ഉണ്ട്. ബാപ്ദാദ ഒരു വിചിത്രമായ ദീപാവലി ആഘോഷി ക്കാൻ ആഗ്രഹിക്കുന്നുണ്ട്. പല പ്രാവശ്യം നിങ്ങൾ ദീപാവലി ആഘോഷിച്ചിട്ടുണ്ട്, എന്നാൽ ബാപ്ദാദ ഈ വിചിത്ര ദീപാവലി ആഘോഷിക്കാൻ ആഗ്രഹിക്കുന്നു,കേൾപ്പിക്കട്ടെ?ശരി. വർത്തമാന സമയം കാ ണുന്നില്ലേ, ദിവസേന നാനാ ഭാഗത്തുമുള്ള മനുഷ്യാത്മാക്കളിൽ നിരാശ വളരെയധികം വർദ്ധിക്കുന്നു. മ നസ്സാ സേവാ ചെയ്താലും, വാചാ ചെയ്താലും, സംബന്ധ സമ്പർക്കത്തിൽ ചെയ്താലും, നിരാശരായ മനുഷ്യരുടെ ഉള്ളിൽ ആശയുടെ ദീപം തെളിയിക്കാൻ ബാപ്ദാദ ആഗ്രഹിക്കുന്നു. നാനാഭാഗത്തുമുള്ള മനുഷ്യാത്മാക്കളുടെ മനസ്സിൽ ആശയുടെ ദീപം തെളിയണം.ഈ ആശാ ദീപങ്ങളുടെ ദീപാവലി കാണാ ൻ ബാപ്ദാദ ആഗ്രഹിക്കുന്നു. സാധിക്കുമോ? വായുമണ്ഡലത്തിൽ ആശയുടെ ഈ ദീപം തെളിഞ്ഞാ ൽ വിശ്വ പരിവർത്തനം ഇപ്പോൾ നടന്നു കഴിഞ്ഞു, സ്വർണ്ണിമ പ്രഭാതം വന്നുകഴിഞ്ഞു. ഒന്നും നടക്കുന്നി ല്ല,ഒന്നും നടക്കുന്നില്ല ഈ നിരാശ സമാപ്തമാകും. ആശയുടെ ദീപം തെളിയണം. ചെയ്യാൻ കഴിയില്ലേ, ഇത് സഹജമാണോ അതോ ബുദ്ധിമുട്ടാണോ? സഹജമാണോ? ചെയ്യുന്നവർ കൈ ഉയർത്തൂ. ചെയ്യുമോ? ഈ എല്ലാ ദീപങ്ങളും തെളിയിച്ചാൽ ദീപമാല ആകും! വൈബ്രെഷൻ അത്രയ്ക്ക് ശക്തിശാലിയാക്കണം , മുന്നിൽ ചെല്ലാൻ സാധിച്ചില്ലെങ്കിലും, ലൈറ്റ് ഹൗസും മൈറ്റ് ഹൗസും ആയി ദൂരെ വരെ വൈബ്രേഷ ൻ വ്യാപിപ്പിക്കൂ. ലൈറ്റ് ഹൗസ്സ് ആയി ദൂരെ വരെ സയൻസ് പ്രകാശം പരത്തുമ്പോൾ താങ്കൾക്ക് വൈ ബ്രേഷൻ പരത്താൻ കഴിയില്ലേ! ദൃഢ സങ്കൽപം വയ്ക്കൂ ചെയ്തേ മതിയാകൂ. ബിസി ആയിരിക്കൂ. മന സ്സിനെ ബിസിയാക്കി വച്ചാൽ സ്വയം ലാഭമാണ് അന്യ ആത്മാക്കൾക്കും ലാഭമാണ്. ചുറ്റി സഞ്ചരിക്കുമ്പോൾ വിശ്വത്തിന്റെ മംഗളം ചെയ്തേ തീരൂ ഇത് വൃത്തിയിൽ വയ്ക്കൂ . ഈ വൃത്തി വായുമണ്ഡലം തയ്യാറാ ക്കും. കാരണം പെട്ടെന്നാണ് സമയം വരുന്നത്. നിങ്ങൾ സഹോദരി സഹോദരന്മാർ പരാതി പറയരുത് താങ്കൾ ഞങ്ങളോട് എന്ത് കൊണ്ട് പറഞ്ഞില്ല! പല കുട്ടികളും അവസാനം ചെയ്യാമെന്ന് കരുതും. എന്നാ ൽ അവസാനം ചെയ്താലും താങ്കളോട് പരാതി പറയും. ഞങ്ങളോട് കുറച്ച് മുൻപേ പറഞ്ഞിരുന്നെങ്കിൽ എന്തെങ്കിലും തയ്യാറാക്കാമായിരുന്നു എന്ന് പരാതി പറയും,അതിനാൽ ഓരോ സങ്കല്പത്തിലും ബാപ്ദാ ദയിൽ നിന്നും ലൈറ്റ് എടുത്തുകൊണ്ടിരിക്കൂ, ലൈറ്റ് ഹൗസായി ലൈറ്റ് കൊടുത്തുകൊണ്ടിരിക്കൂ. സമ യം പാഴാക്കരുത്. കൂടുതൽ യുദ്ധം ചെയ്യുന്നത് കാണുമ്പോൾ ബാപ്ദാദയ്ക്ക് ഇഷ്ടമല്ല. മാസ്റ്റർ സർവ്വ ശക്തിവാൻ യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നു. രാജാവാകൂ,സഫലത മൂർത്തിയാകൂ.നിരാശയെ സമാ പ്തമാക്കി ആശയുടെ ദീപം തെളിയിക്കൂ. ശരി.

എല്ലാ ഭാഗത്തെയും കുട്ടികളുടെ സ്നേഹത്തിന്റെ ഓർമ്മയുടെ മാലകൾ ധാരാളം എത്തിയിട്ടുണ്ട്. ഓർമ്മ കൾ അയച്ചവരെ ബാപ്ദാദ സന്മുഖത്ത് കണ്ടു ഓർമ്മയുടെ മറുപടിയായി ഹൃദയത്തിലെ ആശിർവ്വാദങ്ങ ളും ഹൃദയത്തിന്റെ സ്നേഹവും നൽകുന്നു.ശരി.

ആരാണോ ആദ്യമായി വന്നത് അവർ എഴുന്നേൽക്കൂ. നല്ലത്, ഈ തവണ കൂടുതലും പുതിയവർ ആണ് ഉള്ളത്. സേവനം വർധിപ്പിച്ചല്ലോ, ഇത്രയും പേർക്ക് സന്ദേശം നൽകി. നിങ്ങൾക്ക് എല്ലാവർക്കും സ ന്ദേശം കിട്ടിയതുപോലെ നിങ്ങളും ഇരട്ടിയായി സന്ദേശം കൊടുക്കൂ. യോഗ്യരാക്കൂ.നല്ലതാണ്. ഓരോ വി

ഷയത്തിലും ഉന്മേഷത്തോടെ ഉത്സാഹത്തോടെ മുന്നോട്ട് പോകൂ. നല്ലത്.
ശരി ഇപ്പോൾ ലക്ഷ്യം വയ്ക്കൂ, ചുറ്റി സഞ്ചരിക്കുമ്പോൾ മനസ്സു കൊണ്ടോ, വാക്കിലോ കർമ്മത്തിലോ സേവനം ചെയ്യാതെ ഇരിക്കരുത്. ഓർമ്മ ഇല്ലതെയും ഇരിക്കരുത്. ഓർമ്മയും സേവനവും സദാ ഒരുമിച്ച് വേണം. ഓർമ്മയിലും സേവനത്തിലും അത്രത്തോളം സ്വയത്തെ ബിസിയാക്കി വയ്ക്കൂ. വെറുതെയിരുന്നാൽ മായയ്ക്ക് വരാൻ അവസരം കിട്ടും. അത്രയ്ക്ക് ബിസിയായിരിക്കണം ദൂരെ നിന്ന് തന്നെ മായയ്ക്ക് വരാൻ ധൈര്യം ഇല്ലാതെയാകണം. പിന്നെ ബാബയ്ക്ക് സമാനമാകണം എന്ന ലക്ഷ്യം സഹജമായി നടക്കും. പ്രയത്നിക്കേണ്ടി വരില്ല, സ്നേഹി സ്വരൂപമായിരിക്കും.ശരി.
ബാപ്ദാദയുടെ നയങ്ങളിൽ നിറഞ്ഞിരിക്കുന്ന നയങ്ങളിലെ രത്നങ്ങളായ കുട്ടികൾക്ക്, ബാബയുടെ സർവ്വ സമ്പത്തിനും അധികാരികളായ ശ്രേഷ്ഠ ആത്മാക്കളായ കുട്ടികൾക്ക്,സദാ ഉന്മേഷത്തിന്റെയും ഉത്സാഹത്തിന്റെയും ചിറകുകൾ കൊണ്ട് പറക്കുകയും പറപ്പിക്കുകയും ചെയ്യുന്ന മഹാ വീരന്മാരും വീരണികളുമായ കുട്ടികൾക്ക്, ഒരു ബാബയാണ് ലോകം ഈ ലഹരിയിൽ മഗ്നരായിരിക്കുന്ന സ്നേഹത്തിൽ മുഴുകിയിരിക്കുന്ന കുട്ടികൾക്ക്,
സ്നേഹത്തിൽ മുഴുകുക അർത്ഥം സഹജമായി ബാബയ്ക്ക് സമാനരാകുക, സ്നേഹികളും സ്നേഹത്തിൽ മുഴുകിയിരിക്കുന്നവരും എല്ലാ കുട്ടികൾക്കും വളരെയധികം കോടാനുകോടി മടങ്ങു സ്നേഹ സ്മരണകളും നമസ്തേയും.

## വരദാനം:- തന്റെ ഓരോ കർമ്മവും വിശേഷതയിലും കൂടി ദാതാവിലേക്ക് സൂചന നൽകുന്ന സത്യമായ സേവധാരിയായി ഭവിക്കട്ടെ.

സത്യമായ സേവധാരി ഏതെങ്കിലും ആത്മാവിനു സഹയോഗം കൊടുത്ത് സ്വയത്തിൽ കുടുക്കുകയില്ല .അവർ ബാബയുമായി എല്ലാവരെയും ബന്ധിപ്പിയ്ക്കും. അവരുടെ ഓരോ വാക്കും ബാബയുടെ ഓർമ്മ ഉണ്ടാക്കുന്നതായിരിക്കും.അവരുടെ ഓരോ കർമ്മത്തിലും ബാബയെ കാണും. എന്റെ വിശേഷത കാരണം ഇവർ എന്റെ സഹയോഗി ആണ് അവർക്ക് ഈ സങ്കല്പം പോലും വരില്ല. നിങ്ങളെയാണ് കാണുന്നത് ബാബയെ കാണുന്നില്ല എങ്കിൽ ചെയ്തത് സേവനം അല്ല, ബാബയെ മറവിപ്പിച്ചു. സത്യമായ സേവധാരി സർവ്വരുടേയും സംബന്ധം സത്യത്തിലേക്ക് യോജിപ്പിക്കും, സ്വയത്തിലേക്കല്ല.

## സ്ലോഗൻ:- ഏതെങ്കിലും പ്രകാരത്തിലുള്ള ഹർജി കൊടുക്കുന്നതിനു പകരം സദാ സന്തുഷ്ടരായിരിക്കൂ.

**അവ്യക്ത സൂചന - സങ്കല്പത്തിന്റെ ശക്തി ശേഖരിച്ച് ശ്രേഷ്ഠ സേവനത്തിനു നിമിത്തമാകൂ.**

ശ്രേഷ്ഠ ഭാഗ്യത്തിന്റെ രേഖ വരയ്ക്കുന്നതിന്റെ ആധാരമാണ് **– ശ്രേഷ്ഠ സങ്കല്പവവും ശ്രേഷ്ഠ കർമ്മവും.** ട്രസ്റ്റീ ആത്മാവായാലും, സേവധാരി ആത്മാവായാലും,രണ്ടിനും നമ്പർ നേടാൻ കഴിയുന്നത് ഇതിന്റെ ആധാരത്തിലാണ്. രണ്ടു പേർക്കും ഭാഗ്യം ഉണ്ടാക്കാൻ മുഴുവൻ അവസരം ഉണ്ട്,ആർക്ക് എത്ര ഭാഗ്യം വേണമെങ്കിലും ഉണ്ടാക്കാൻ സാധിക്കും.